18769/16

# പരിശോധനാ റിപ്പോർട്ട്

ഗ്രേഡ് I പട്ടികജാതി വികസന ആഫീസ്, വണ്ടൂർ, മലപ്പുറം

| | | |
|---|---|---|
| പരിശോധനാ തീയതി | : | 11/03/2016 മുതൽ 13/04/2016 വരെ |
| പരിശോധനാ കാലയളവ് | : | 01/04/2013 മുതൽ 31.03.2016 വരെ |
| പരിശോധനാ വിഭാഗം | : | ഫിൻ ഡി ആഡിറ്റ് വിഭാഗം |
| സൂപ്രണ്ട് | : | ശ്രീ. എൻ. സുരേന്ദ്രൻ നായർ |
| ക്ലാർക്ക് | : | ശ്രീ. സന്തോഷ് ശിവാനന്ദൻ |

പരിശോധനാ കാലയളവിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

1. ശ്രീ. റ്റി. വി. ബാബു (ഗ്രേഡ് I പട്ടികജാതി വികസന ആഫീസർ : 01.04.2013 മുതൽ 31.03.2016 വരെ

**ആമുഖം**

മുൻ പരിശോധന സംബന്ധിച്ച്

A. വകുപ്പുതല പരിശോധന

01.04.2010 മുതൽ 31.03.2013 വരെയുള്ള കാലയളവിലെ കണക്കുപരിശോധനാ റിപ്പോർട്ടിന്മേൽ (ഫിൻ ബി2-24597/13) എസ്.സി.ഡി.ഒ ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് മറുപടി അയച്ചതായി കാണുന്നു. (കത്ത് നമ്പർ ബി.റ്റി.എസ് 917/13, തീയതി : 03.12.13) പ്രസ്തുത മറുപടി അംഗീകരിച്ചതായോ ഫയൽ തീർപ്പാക്കിയതായോ കാണുന്നില്ല. 3 വർഷങ്ങൾ കഴിഞ്ഞിട്ടും തുടർ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.

B. എ.ജി -യുടെ പരിശോധന

01.03.2014 മുതൽ 28.02.2015 വരെയുള്ള കാലയളവിലെ എ.ജി -യുടെ പരിശോധനാ റിപ്പോർട്ടു പ്രകാരം തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | OA(HQ)IV/II/12-1358 -08-09 | PART II B I to IV |
| 2 | OA(HQ)IV/II/12-758 -10-11 | PART II B I |
| 3 | OA(HQ)IV/II/12-422 -12-13 | PART II B I to II |
| 4 | OA(HQ)IV/II/12-232 -12-13 | PART II B I to II, III |

മേൽ ഖണ്ഡികകൾക്ക് മറുപടി അയച്ചിട്ടുണ്ടെങ്കിലും ഖണ്ഡികകൾ തീർപ്പാക്കിയതായി കാണുന്നില്ല. 29/02/15 മുതൽ 22/02/16 വരെയുള്ള കാലയളവിലെ കണക്കുകൾ OA(HQ)IV/II/OAP 19/2015-16/808 നമ്പർ പ്രകാരം പരിശോധിച്ചുവെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി ന്യൂനതകൾ പരിഹരിക്കേണ്ടതും മുൻ പെൻഡിംഗ് പാരകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സ്ഥാപനത്തിലെ 01/04/2013 മുതൽ 31/03/2016 വരെയുള്ള കാലയളവ കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കു ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## (I). ക്യാഷ്ബുക്കും അനുബന്ധരേഖകളും

### (1). ക്യാഷ്ബുക്ക്

(a). CB No.103/15-16 പ്രകാരം 09/03/2016 -ൽ പി.റ്റി. സ്റ്റാഫിന്റെ wages ഇനത്തിൽ 9446/- രൂപ ട്രഷറിയിൽ നിന്നും തേർച്ച ചെയ്തിട്ടുണ്ട്. എന്നാൽ ക്യാഷ്ബുക്കിൽ ട്രഷറിയിൽ നിന്നും ലഭിച്ച തുകയേക്കാൾ 500/- രൂപ കൂടുതലായി 9946/- രൂപയുടെ വരവ് ചെലവ് വിവരം രേഖപ്പെടുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(b). 22/12/14 -ൽ മേപ്പാടം ഗവ. എം.എൽ.പി.എസ് ഹെഡ്മാസ്റ്റർ പക്കൽ നിന്നും 26000/- രൂപ കൈപ്പറ്റി ക്യാഷ്ബുക്കിൽ വരവ് ചേർത്തത് എപ്രകാരമാണെന്ന് വിശദമാക്കേണ്ടതാണ്. KTC Vol. I Rule 90(a) പ്രകാരം റ്റി.ആർ-5 ഫോമിൽ രസീത് നൽകാതെയാണ് ഹെഡ്മാസ്റ്റർ പക്കൽ നിന്നും തുക കൈപ്പറ്റിയിരിക്കുന്നത്.

(c). ട്രഷറിയിൽ ബില്ലുകൾ പാസ്സാക്കി POC issue ചെയ്യുന്ന തീയതിയിൽ ക്യാഷ്ബുക്കിൽ തുക വരവ് ചേർക്കണമെന്നിരിക്കേ താഴെപറയും പ്രകാരം ബിൽതുകകൾ ആഴ്ചകൾ കഴിഞ്ഞ് വരവ് ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നം. | ബിൽ നമ്പർ | തുക | പാസ്സാക്കിയ തീയതി | വരവ് രേഖപ്പെടുത്തിയ തീയതി |
|---|---|---|---|---|
| 1 | CB 83/14-15 | 300000 | 30/01/14 | 14/02/14 |
| 2 | CB84/14-15 | 67500 | 30/01/14 | 14/02/14 |
| 3 | CB 85/14-15 | 117500 | 30/01/14 | 14/02/14 |
| 4 | CB 71/13-14 | 7000000 | 31/12/13 | 13/01/14 |

(d). ക്യാഷ്ബുക്കിൽ റദ്ദാക്കൽ (പേജ് 7) വൈറ്റ്നറുടെ ഉപയോഗം (പേജ് 60, 61) എന്നിവ വരുത്തിയിരിക്കുന്നു. ഇത്തരം പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണ്. 86, 50, 29, 103, 106, 109, 123 പേജുകളിലെ വിവരങ്ങൾ തിരുത്തിയെഴുതിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(e). G.O.(P)No.119/2008/Fin. dt : 07.03.2008 പ്രകാരമുള്ള TR 7A Form ക്യാഷ്ബുക്ക് പരിപാലിക്കുന്നു.

(f). നിത്യേനയുള്ള നീക്കിയിരിപ്പ് തുകകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 95, 94, 61, 3, 14, 19, 74, 121, 122 പേജുകളിലെ നീക്കിയിരിപ്പ് തുകകൾ തിരുത്തലുകൾ വരുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(g). ക്യാഷ്ബുക്കിലെ ഓരോ രേഖപ്പെടുത്തലുകളും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(h). KTC Vol. I Rule 92(a)IV പ്രകാരമുള്ള പ്രതിമാസ നീക്കിയിരിപ്പ് പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പരിശോധനാ ദിവസം 54835/- രൂപ ക്യാഷ് ആയും 225000/- രൂപ ഡി.ഡി ആയും 2675000/- രൂപ പി.ഒ.സി ആയും സൂക്ഷിച്ചിരിക്കുന്നു.

---3

(2). ബിൽബുക്ക്

മറ്റ് പരാമർശമില്ല.

(3). T.S.B അക്കൗണ്ട്

31.10.2015 തീയതിയിലെ എം2-8800/15 നമ്പർ മേലെഴുത്ത് പ്രകാരം ചികിത്സാ ധനസഹായ വിതരണം നടത്തുന്നതിനായി പലിശരഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനായി സർക്കാർ ഉത്തരവ് ലഭിക്കുകയും അതിൻപ്രകാരം T.S.B അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ സ്കീമുകൾക്കുള്ള തുകകൾ എസ്.ബി.റ്റി ബാങ്ക് അക്കൗണ്ട് മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്താണ് ലഭ്യമാക്കി വരുന്നത്.

(4). ഡി.ഡി. രജിസ്റ്റർ

രജിസ്റ്റർ പരിപാലിക്കുന്നു.

(5). TR-5 രസീത്ബുക്ക്

(എ). 23/04/13 -ൽ TR-5 രസീത് നമ്പർ 43 മുഖേന കൈപ്പറ്റിയ 8000/- രൂപയുടെ ഉറവിടവും വിനിയോഗ വിവരവും അറിയിക്കേണ്ടതാണ്.

(ബി).2013-14 -ൽ ലംപ്സം ഗ്രാന്റിനത്തിൽ 89000/- രൂപ ജി.എം.എൽ.പി.എസ് മേപ്പാടം സ്കൂളിലെ ഹെഡ്മാസ്റ്റർ കൈപ്പറ്റിയിട്ട് വിതരണം ചെയ്യാത്ത 10925/- രൂപ 30/06/13 -ൽ TR 5 - 44 പ്രകാരം തിരികെ നൽകിയിരിക്കുന്നു. ടി തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്. G.O.(P)No.77/2010/Fin. dt : 18.02.10 പ്രകാരമുള്ള TR-5 രസീത്ബുക്ക് ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്.

(6). സി.ആർ.ഡി.ആർ

(എ). ചികിത്സാധനസഹായ ഇനത്തിൽ 975000/- രൂപയുടെ ചെക്ക് (നമ്പർ : 3140336 തീയതി : 31.01.15) തീയതി രേഖപ്പെടുത്താതെ ഒപ്പ് ചാർത്തി കൈപ്പറ്റിയിരിക്കുന്നു. ടി തുക ക്യാഷ്ബുക്കിൽ വരവ് ചേർത്തിരിക്കുന്നത് 26/02/15 -ലാണ്. ജില്ലാ പട്ടികജാതി വികസന ആഫീസർ ചെക്ക്വിതരണം സംബന്ധിച്ച വിശദവിവരങ്ങൾ അറിയിക്കേണ്ടതാണ്.

(ബി).05.04.13 -ൽ 1962 രൂപ വാർഡൻ ഒപ്പിട്ടു കൈപ്പറ്റിയിട്ടില്ലായെന്നു കാണുന്നു. ടി തുകയുടെ വിനിയോഗ വിവരം അറിയിക്കേണ്ടതാണ്.

(7). വിവിധ അക്വിറ്റൻസുകൾ

(എ). അക്വിറ്റൻസ് (എസ്റ്റാ സ്റ്റാഫ്) :-

KTC Vol. I Rule 432(d) പ്രകാരം വിതരണം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ബി).അക്വിറ്റൻസ് (നഴ്സറി സ്കൂൾ സ്റ്റാഫ്)

മറ്റ് പരാമർശമില്ല.

(സി).അക്വിറ്റൻസ് (പ്രീമെട്രിക് ഹോസ്റ്റൽ സ്റ്റാഫ്)

വിതരണ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(ഡി).അക്വിറ്റൻസ് (പി.എം.എച്ച് വേജസ്)

പേജ് നമ്പർ, പേജ് സർട്ടിഫിക്കറ്റ് ഇവ രേഖപ്പെടുത്താതെ രജിസ്റ്റർ പരിപാലിച്ചിരിക്കുന്നു. ന്യൂനത പരിഹരിക്കേണ്ടതാണ്.

---4

(ഇ). അക്വിറ്റൻസ് (അപ്രന്റീസ് ക്ലാർക്ക്)

പേജ് നമ്പർ, പേജ് സർട്ടിഫിക്കറ്റ് ഇവ രേഖപ്പെടുത്തുകയോ, വിത... വിവരം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(എഫ്). അക്വിറ്റൻസ് (പ്രൊമോട്ടേഴ്സ്)

പേജ് നമ്പർ, പേജ് സർട്ടിഫിക്കറ്റ് ഇവ രേഖപ്പെടുത്തിയിട്ടില്ല. വിതരണ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ന്യൂനതകൾ വരുത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

(8). മറ്റ് രജിസ്റ്ററുകൾ

1. അലോട്ട്മെന്റ് രജിസ്റ്റർ :-

   ആഡിറ്റ് കാലയളവിൽ അലോട്ട്മെന്റ് രജിസ്റ്റർ യഥാക്രമം പരിപാലിച്ചിട്ടില്ല. 2015-16 മുതൽ യഥാവിധി പരിപാലിക്കുന്നു.

2. മെസ് റിക്കവറി രജിസ്റ്റർ :-

   ഹോസ്റ്റൽ സ്റ്റാഫിൽ നിന്നും മെസ് റിക്കവറിയിനത്തിൽ പിടിക്കുന്ന തുക അക്വിറ്റൻസിൽ കുറവു രേഖപ്പെടുത്തുകയും ക്യാഷ്ബുക്കിൽ വരവ് ചെലവ് വിവരം രേഖപ്പെടുത്തുകയും ചെയ്യുന്നു.

3. വിവാഹ ധനസഹായ വിതരണ രജിസ്റ്റർ :-

   CB No.71/13-14പ്രകാരം 140 പേർക്ക് 50,000/- രൂപ വീതം വിതരണം നടത്തിയതിന്റെ സംക്ഷിപ്തം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4. ആധാര രജിസ്റ്റർ :-

   ഓഫീസിൽ 10 വർഷത്തിലധികമായി ധാരാളം ആധാരങ്ങൾ സൂക്ഷിച്ചിരിക്കുന്നു. പ്രസ്തുത ആധാരങ്ങൾ സംബന്ധിച്ച വിവരം പ്രത്യേകം രജിസ്റ്ററിൽ സൂക്ഷിക്കുകയും ഒറിജിനൽ ആധാരങ്ങൾ ഗുണഭോക്താക്കൾക്ക് തിരികെ നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. മിശ്ര വിവാഹധനസഹായ വിതരണ രജിസ്റ്റർ :-

   പേജ് നമ്പർ, പേജ് സർട്ടിഫിക്കറ്റ് ഇവ രേഖപ്പെടുത്തിയിട്ടില്ല. വിനിയോഗ രേഖകൾ അയച്ചതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ വിവരങ്ങളും എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. പേബിൽ രജിസ്റ്റർ :-

   മറ്റു പരാമർശമില്ല.

7. കണ്ടിജന്റ് ബിൽ രജിസ്റ്റർ :-

   നിശ്ചിത ഫോമിലുള്ള രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(9). വിവിധ പദ്ധതികൾ

1. ഭവന നിർമ്മാണ ധനസഹായ പദ്ധതി

2007-08 മുതൽ 2015-16 വരെയുള്ള ഭവന നിർമ്മാണ പുരോഗതി റിപ്പോർട്ട് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ആകെ അനുവദിച്ച വീടുകൾ | പൂർത്തിയായ വീടുകൾ | I | II | III | ആകെ |
|---|---|---|---|---|---|---|
| 2007-08 | 230 | 220 | 2 | 0 | 8 | 10 |
| 2008-09 | 246 | 233 | 4 | 1 | 8 | 13 |
| 2009-10 | 200 | 192 | 0 | 1 | 7 | 8 |
| 2010-11 | 42 | 40 | 2 | 0 | 0 | 2 |
| 2011-12 | 27 | 18 | 3 | 4 | 2 | 9 |
| 2012-13 | 53 | 42 | 3 | 1 | 7 | 11 |
| 2013-14 | 183 | 160 | 0 | 4 | 19 | 23 |

| | | | | | | |
|---|---|---|---|---|---|---|
| 2014-15 | 86 | 60 | 7 | 7 | 12 | 26 |
| 2015-16 | 85 | 7 | 11 | 49 | 18 | 78 |

പൂർത്തിയാകാത്ത വീടുകളുടെ പണി പൂർത്തിയാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വൃത്തിഹീന തൊഴിൽ ധനസഹായം

പ്രസ്തുത പദ്ധതിയിൻ കീഴിൽ ധനസഹായമൊന്നും നൽകിയിട്ടില്ലായെന്നു കാണുന്നു. പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തി മേൽ പദ്ധതിയിൻ കീഴിൽ ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണ്.

3. ഭൂരഹിത പുനരധിവാസ പദ്ധതി

2013-14 മുതൽ 2015-16 വരെയുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ധനസഹായം അനുവദിച്ചവരുടെ എണ്ണം | അനുവദിച്ചു നൽകിയ തുക | അഭിപ്രായം നിരക്ക് |
|---|---|---|---|
| 2013-14 | 67 | 10050000 | 150000 |
| 2014-15 | 37 | 13875000 | 375000 |
| 2015-16 | 28 | 10500000 | 375000 |

വിനിയോഗ രേഖകൾ അയച്ചതായി കാണുന്നില്ല. കാരണം അറിയിക്കേണ്ടതും യു.സി അയച്ചുകൊടുത്ത് വിവരം അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഇതേ ആവശ്യത്തിന് മുൻപ് ധനസഹായം വാങ്ങിയിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഗുണഭോക്താക്കളിൽ നിന്ന് വാങ്ങിയിട്ടില്ലായെന്നു കാണുന്നു.

ഉദാ :- രാജു. പി, പരിയാരത്ത് വീട്, പാണ്ടിക്കാട്.

മുൻ വർഷങ്ങളിൽ വാങ്ങി സൂക്ഷിച്ചിട്ടുള്ള പ്രമാണങ്ങൾ തിരികെ ഗുണഭോക്താക്കൾക്ക് നൽകുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭൂരഹിത പുനരധിവാസ പദ്ധതി രജിസ്റ്റർ പൂർണ്ണമായി നിർദ്ദേശങ്ങൾ പാലിച്ച് സൂക്ഷിച്ചു വരുന്നില്ല. ഒട്ടുമിക്ക ഗുണഭോക്താക്കളുടെയും ഫോട്ടോ പതിച്ചു കാണുന്നില്ല. ന്യൂനതകൾ പരിഹരിച്ച് രജിസ്റ്റർ ശരിയായി പാലിക്കേണ്ടതാണ്.

4. ദുർബല വിഭാഗ പുനരധിവാസ പദ്ധതി

പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയതു സംബന്ധിച്ച വിവരം പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | ധനസഹായം അനുവദിച്ചവരുടെ എണ്ണം | അനുവദിച്ച തുക | അഭിപ്രായം |
|---|---|---|---|
| 2013-14 | 8 ഭൂമി<br>1 വീട് | 2000000<br>90000 | |
| 2014-15 | 7 വീട്<br>4 ഭൂമി | 2525000 | |
| 2015-16 | 4 വീട്<br>2 ഭൂമി | 2485000 | |

5. മിശ്ര വിവാഹ ധനസഹായം

2013-14 മുതൽ 2015-16 വരെയുള്ള കാലയളവിലെ ആനുകൂല്യ വിതരണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കൾ | തുക |
|---|---|---|
| 2013-14 | 9 | 410000 |
| 2014-15 | 3 | 150000 |
| 2015-16 | 7 | 350000 |

6. വിവാഹ ധനസഹായം

പ്രസ്തുത പദ്ധതിയിൻകീഴിൽ ആനുകൂല്യം നൽകിയതിന്റെ വിവരം പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ആനുകൂല്യം ലഭിച്ച വരുടെ എണ്ണം | തുക |
|---|---|---|
| 2013-14 | 211 | 10720000 |
| 2014-15 | 83 | 4150000 |
| 2015-16 | 148 | 7400000 |

7. സ്വയം തൊഴിൽ ധനസഹായം

2013-14 -ൽ ഒരാൾക്ക് 33333 രൂപ വീട് നിർമ്മാണ സാമഗ്രികൾ വാങ്ങുന്നതിനും 2015-16 -ൽ ഒരാൾക്ക് 100000/- രൂപ സംഗീത ഉപകരണങ്ങൾ വാങ്ങുന്നതിനും സബ്സിഡി ഇനത്തിൽ ആനുകൂല്യം നൽകിയിരിക്കുന്നു. വിനിയോഗ രേഖകൾ അക്കൗണ്ടന്റ് ജനറലിന് അയച്ചുകൊടുക്കേണ്ടതാണ്.

8. ടോയ്‌ലറ്റ് നിർമ്മാണം

2013-14 -ൽ 260 പേർക്ക് 6500000/- രൂപയും 2014-15 -ൽ 232 പേർക്ക് 5887500/- രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 -ൽ ആകെ അനുവദിച്ച 294 പേരിൽ 18 പേർ 2-ാം ഗഡു കൈപ്പറ്റിയിട്ടില്ലായെന്നു കാണുന്നു. എത്രയും വേഗം പണി പൂർത്തിയാക്കി അവ ശേഷിക്കുന്ന ഗഡുക്കൾ കൈപ്പറ്റുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. ചികിത്സാധനസഹായ വിതരണം

2013-14 -ൽ 434 പേർക്ക് 7213000/- രൂപയും 2014-15 -ൽ 579 പേർക്ക് 12427000/- രൂപയും 2015-16 -ൽ 516 പേർക്ക് 11057000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ ആനുകൂല്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പ്രകാരം ഗുണഭോക്താക്കൾക്ക് ചെക്ക് നുവദിക്കുന്നു. ചെക്കുകൾ ഗുണഭോക്താക്കൾ കൈപ്പറ്റുമ്പോൾ തീയതി രേഖപ്പെടുത്താതെ ഒപ്പു ചാർത്തിയിരിക്കുന്നു.

10. വിഷൻ - 2013

എൻട്രൻസ് പരിശീലനം ലഭിച്ച 8 പേർക്ക് 2013-14 -ൽ 75000/- രൂപയും 2014-15 -ൽ 8 പേർക്ക് 75000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

11. പാരലൽ കോളേജ് ആനുകൂല്യം

ധനസഹായ വിതരണം സംബന്ധിച്ച വിവരങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

| വർഷം | പ്രയോജനം ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം | | വിതരണം നടത്തിയ തുക | |
|---|---|---|---|---|
| | എസ്.സി | ഒ.ഇ.സി | എസ്.സി | ഒ.ഇ.സി |
| 2013-14 | 93 | - | 283136 | - |
| 2014-15 | 22 | 2 | 132364 | 12092 |
| 2015-16 | 163 | 1 | 998000 | 4356 |

---7

12. പ്രൈമറി എഡ്യുക്കേഷൻ എയ്ഡ്

പ്രസ്തുത പദ്ധതിയിൻ കീഴിൽ 2014-15 -ൽ 2036 പേർക്ക് 4072000/- രൂപയും 2015-16 -ൽ 2104 പേർക്ക് 4208000/- രൂപയും പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് ഇനത്തിൽ ആനുകൂല്യമായി നൽകിയിട്ടുണ്ട്.

13. ലംപ്സംഗ്രാന്റ് വിതരണം

2013-14 മുതൽ 2015-16 വരെ ലംപ്സംഗ്രാന്റ് നൽകിയതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ധനസഹായം ലഭിച്ച കുട്ടികളുടെ എണ്ണം | | ആകെ വിതരണം ചെയ്ത തുക | |
|---|---|---|---|---|
| | എസ്.സി | ഒ.ഇ.സി | എസ്.സി | ഒ.ഇ.സി |
| 2013-14 | 5479 | 99 | 3110850 | 45750 |
| 2014-15 | 5594 | 77 | 2965654 | 39250 |
| 2015-16 | 5553 | 0 | 2804083 | 0 |

14. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്

താഴെ പറയും പ്രകാരം അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

| വർഷം | ആകെ കുട്ടികൾ | ആകെ അനുവദിച്ച തുക |
|---|---|---|
| 2013-14 | 13 | 71200 |
| 2014-15 | 22 | 108000 |
| 2015-16 | 29 | 130500 |

15. സ്പെഷ്യൽ ഇൻസെന്റീവ് വിതരണം

ആഡിറ്റ് കാലയളവിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ആനുകൂല്യം നൽകിയതു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ആകെ കുട്ടികൾ | ആകെ തുക |
|---|---|---|
| 2013-14 | 191 | 190500 |
| 2014-15 | 180 | 392500 |
| 2015-16 | 203 | 540500 |

16. സർവ്വീസ് പുസ്തകങ്ങൾ സംബന്ധിച്ച്

(a). വണ്ടൂർ നഴ്സറി ടീച്ചർ ശ്രീമതി. ഇന്ദിര വി.സി -യുടെ സർവ്വീസ് ബുക്കിലെ ഫോട്ടോയിൽ ആഫീസർ സാക്ഷ്യപ്പെടുത്തി കാണുന്നില്ല. ന്യൂനത പരിഹരിക്കേണ്ടതാണ്.

(b). വണ്ടൂർ നഴ്സറി സ്കൂൾ ആയ ശ്രീമതി. സരോജിനി മംഗദൻ ഹോണറേറിയം വ്യവസ്ഥയിൽ എന്നു മുതൽ ജോലി നോക്കിയെന്നുള്ള രേഖപ്പെടുത്തലുകൾ സർവ്വീസ് ബുക്കിൽ വരുത്തിയിട്ടില്ല. മാത്രവുമല്ല ടിയാളുടെ ഫോട്ടോ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

(c). പ്രീ-മെട്രിക് ഹോസ്റ്റൽ വണ്ടൂരിലെ കുക്ക് ആയ ശ്രീമതി. മൈമുനത്ത്. പി എന്നയാളെ എറണാകുളം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ ജി2-99/04 നമ്പറായുള്ള 24.03.04, 01.04.04 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം എറണാകുളം ജില്ലാ പട്ടികജാതി വികസന ആഫീസർ തികച്ചും താൽക്കാലികമായി മൂവാറ്റുപുഴ പ്രീ-മെട്രിക് ഹോസ്റ്റലിൽ കുക്കായി

17/05/2004 -ലെ ജി1-865/04(3) നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചു. എംപ്ലോയ്മെന്റ് മുഖേന ഫുൾടൈം തസ്തികയിൽ താൽകാലികമായി നിയമിച്ച ടിയാളിനെ 179 ദിവസം കഴിയുമ്പോൾ പിരിച്ചു വിടണമെന്നുള്ള വ്യവസ്ഥകൾ മറികടന്ന് സർവ്വീസിൽ തുടരാൻ അനുവദിച്ചതായി കാണുന്നു. 20.06.2011 -ലെ ജി1-4919/11/(1) നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ പട്ടികജാതി വികസന ആഫീസർ ടിയാളുടെ നിയമനം ക്രമീകരിച്ചുകൊണ്ടും 20/06/2011 -ലെ ജി1-4919/11(2) നമ്പർ ഉത്തരവ് പ്രകാരം ടിയാളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തു കൊണ്ടും ഉത്തരവ് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ടിയാൾ ഇപ്പോൾ അന്തർ ജില്ലാ സ്ഥലം മാറ്റം മുഖേന മലപ്പുറം ജില്ലയിലെ വണ്ടൂർ പ്രീ-മെട്രിക് ഹോസ്റ്റലിൽ കുക്ക് തസ്തികയിൽ സേവനം ചെയ്തു വരുന്നു. വകുപ്പിലെ പാർട്ട്ടൈം ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയിലാണ് അസിസ്റ്റന്റ് കുക്ക് എന്നിരിക്കെ ടിയാളെ എംപ്ലോയ്മെന്റ് മുഖേന നിയമിച്ച് സ്ഥിരപ്പെടുത്തി അന്തർജില്ലാ സ്ഥലം മാറ്റം നൽകി സർവ്വീസ് റെഗുലറൈസ് ചെയ്തത് സംബന്ധിച്ച് സർക്കാർ ഉത്തരവുകളോ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ ഉത്തരവുകളോ ഉണ്ടെങ്കിൽ പകർപ്പുകൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

17. <u>പ്രൊമോട്ടേഴ്സ് ഡയറി</u>

പ്രൊമോട്ടർമാർ ഗ്രാമപഞ്ചായത്തിൽ നിന്നും ഹാജർ പട്ടിക ഹാജരാക്കാതെയാണ് ഹോണറേറിയം അനുവദിച്ചു വരുന്നത്. പഞ്ചായത്തിൽ നിന്നുള്ള ഹാജർ പട്ടികയും ടൂർ ഡയറിയും വാങ്ങി പരിശോധിച്ച ശേഷം മാത്രമേ ഹോണറേറിയം അനുവദിച്ചു നൽകാവൂ എന്നിരിക്കെ ഇക്കാര്യത്തിൽ വീഴ്ച വന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

18. <u>കോർപ്പസ് ഫണ്ട്</u>

2014-15 മുതൽ സ.ഉ.സാധാ 1301/11 പജ.പവ.വിവ. തീയതി : 06/08/14 സ.ഉ.കൈ നമ്പർ 68/14 പജ.പവ.വിവ. തീയതി : 18/09/14 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പട്ടികജാതി കോളനികളിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ എല്ലാം തന്നെ ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന നടത്തി വരുന്നു. ജില്ലാ പ്ലാനിംഗ് ആഫീസർ, ജില്ലാ പട്ടികജാതി വികസന ആഫീസർ എന്നിവർ സന്ദർശിക്കുകയും തയ്യാറാക്കപ്പെട്ടിട്ടുള്ള പ്രോജക്ടുകളിൽ മേലുദ്യോഗസ്ഥർ സാങ്കേതിക ശുപാർശ നടത്തുകയും ചെയ്ത പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. 50% തുക ആദ്യം മുൻകൂറായും ബാക്കി തുക പണി പൂർത്തിയായ ശേഷവും നൽകി വരുന്നു.

19. <u>പ്രീ-മെട്രിക് ഹോസ്റ്റൽ</u>

വണ്ടൂരിൽ പെൺകുട്ടികൾക്കായി ഒരു പ്രീ-മെട്രിക് ഹോസ്റ്റർ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. 30 കുട്ടികൾ നിലവിൽ താമസിച്ചു വരുന്നു. എസ്.എസ്.എൽ.സി പരീക്ഷ വിജയം സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | ആകെ കുട്ടികൾ | എസ്.എസ്.എൽ.സി പരീക്ഷ എഴുതിയവർ | എസ്.എസ്.എൽ.സി പാസ്സായവർ |
|---|---|---|---|
| 2013-14 | 13 | 7 | 7 |
| 2014-15 | 24 | 2 | 2 |
| 2015-16 | 30 | 7 | റിസൾട്ട് വന്നിട്ടില |

20. <u>വിജ്ഞാൻ വാടി</u>

സ.ഉ.(സാധാ) നമ്പർ : 681/11/പജ.പവ.വിവ. തീയതി : 21.07.2011 പ്രകാരം വണ്ടൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസ് പരിധിയിൽ മമ്പാട് ഗ്രാമപഞ്ചായത്തിൽ ഇളംമ്പുഴ അംബേദ്കർ കോളനിയിൽ ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ വിജ്ഞാൻവാടി പ്രവർത്തനം ആരംഭിച്ചു. എന്നാൽ നാളിതുവരെ മറ്റ് കോളനികളിൽ വിജ്ഞാൻവാടികൾ അനുവദിച്ചതായി കാണുന്നില്ല.

21. <u>സ്വയം പര്യാപ്തഗ്രാമം</u>

G.O(M.S)No.23/13/SC ST DD Dt : 15.03.13.

(a). 2012-13 -ൽ തിരുവാലി ഗ്രാമ പഞ്ചായത്തിൽ ഷാരത്ത്കുന്ന് കോളനിയിൽ മുഴുവൻ പദ്ധതികളും നടത്തി ഫൈനൽ ബിൽ തയ്യാറാക്കി നൽകി. ഉദ്ഘാടനം നടന്നിട്ടില്ല.

(b). മമ്പാട് ഗ്രാമപഞ്ചായത്തിൽ ഇളംമ്പുഴ അംബേദ്കർ കോളനിയിൽ രണ്ട് ഗഡു അനുവദിച്ച് പണി പുരോഗമിച്ചു വരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പുതുതായി സ്വയംപര്യാപ്ത ഗ്രാമങ്ങൾ തെരഞ്ഞെടുത്ത് നൽകിയിട്ടില്ലായെന്നു കാണുന്നു. ഇക്കാര്യത്തിൽ സ്ഥലം എം.എൽ.എ -യുമായി ബന്ധപ്പെട്ട് സ്വയം പര്യാപ്തഗ്രാമങ്ങൾ തെരഞ്ഞെടുക്കുന്നതിന് സത്വരനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

22. <u>നഴ്സറി സ്കൂൾ</u>

(a). വണ്ടൂർ ഗ്രാമപഞ്ചായത്തിൽ വണ്ടൂർ നഴ്സറി സ്കൂൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. 16 കുട്ടികൾ 2015-16 -ൽ പ്രവേശനം നേടിയിരുന്നു.

(b). തിരുവാലി ഗ്രാമ പഞ്ചായത്തിൽ തിരുവാലി നഴ്സറി സ്കൂൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. 2015-16 -ൽ 22 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്.

## <u>പൊതു അഭിപ്രായം</u>

ഓഫീസിന്റെ പ്രവർത്തനം സാമാന്യം തൃപ്തികരമാണ്. ജി.ഒ.പി. 7/2016 തീയതി : 20.01.16 പ്രകാരമുള്ള പുതിയ നിരക്കിലുള്ള ശമ്പളം ജീവനക്കാർക്ക് അനുവദിച്ചതായി കാണുന്നില്ല. 01.02.16 മുതൽ പുതിയ നിരക്കിലുള്ള ശമ്പളവും നുകൂല്യങ്ങളും എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
സീനിയർ ഫിനാൻസ് ഓഫീസർ

S 08.09.16.